**<u>പത്രക്കുറിപ്പ്</u>**


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05


07-01-2021

# അന്യസംസ്ഥാന കുട്ടികളുടെ കേസന്വേഷണം മുൻഗണനയിൽ പൂർത്തിയാക്കണമെന്ന് ബാലാവകാശ കമ്മീഷൻ

അന്യ സംസ്ഥാനങ്ങളിൽ നിന്നോ രാജ്യങ്ങളിൽ നിന്നോ കേരളത്തിലെത്തി കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന കുട്ടികളുടെ കേസന്വേഷണം മുൻഗണനാക്രമത്തിൽ പൂർത്തിയാക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ഇത്തരം കേസുകളിൽ കോടതി മുഖാന്തിരം കുറ്റപത്രം സമർപ്പിക്കുന്നതിലും മുൻഗണന പാലിക്കണമെന്ന് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും സംസ്ഥാന പൊലീസ് മേധാവിക്കും കമ്മീഷൻ നിർദേശം നൽകി. കോടതിവിചാരണാനടപടികൾ മുൻഗണനാക്രമത്തിലാക്കുന്നതിന് സാമൂഹിക നീതി വകുപ്പ് സെക്രട്ടറിയും ഡയറക്ടറും ഹൈക്കോടതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

കോഴിക്കോട് നേപ്പാൾ സ്വദേശിയായ ആറു വയസ്സുകാരിയെ ക്രൂരമായ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട കേസിലാണ് കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ, കെ.നസീർ, ബി.ബബിത എന്നിവർ ഉൾപ്പെട്ട ഫുൾബഞ്ച് സുപ്രധാനമായ ഉത്തരവ് നൽകിയത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്ന കുട്ടിയെയും കുട്ടി പീഡനത്തിനിരയായ വീടും പരിസരവും കമ്മീഷൻ സന്ദർശിച്ചിരുന്നു. കേസിൽ പ്രതിക്ക് നിയമാനുസൃത ശിക്ഷ ഉറപ്പുവരുത്തുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ സേവനം ആഭ്യന്തര സെക്രട്ടറി ഉറപ്പുവരുത്തണം. കുട്ടിയുടെ ഉത്തമതാത്പര്യം പരിഗണിച്ച് ആവശ്യമായ സുരക്ഷിതത്വം നൽകണമെന്നും നഷ്ടപരിഹാരം ഉൾപ്പെടെ സാമ്പത്തികസഹായവും സാമ്പത്തിക നിധിയും സപ്പോർട്ട് പേഴ്സണെയും അനുവദിക്കണമെന്നും കമ്മീഷൻ ഉത്തരവിൽ പറയുന്നു. കേസിലെ അതിജീവിതയ്ക്ക് പൂർണമായ നിയമസഹായവും നൽകേണ്ടതാണ്. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്ത് അന്വേഷണം നടത്തി നടപടി സ്വീകരിക്കുകയായിരുന്നു.

# ബാലാവകാശ കമ്മീഷൻ ദേശീയ വെബിനാർ 9, 10 തീയതികളിൽ

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കേരള സർവകലാശാല യു. ജി.സി - എച്ച്.ആർ.ഡി.സി, സൊസൈറ്റി ഓഫ് ഇന്നൊവേറ്റീവ് റിസർച്ചേഴ്സ് ആൻഡ് അക്കാദമീഷ്യൻസ് (സിറ)എന്നിവയുമായി ചേർന്ന് നടത്തുന്ന 'പുത്തൻ സമൂഹത്തിനായി ബാലാവകാശത്തെ പുനർനിർവചിക്കൽ' എന്ന വിഷയത്തിൽ ദ്വിദിന ദേശീയ വെബിനാർ സംഘടിപ്പിക്കുന്നു. ജനുവരി 9, 10 തീയതികളിൽ നടക്കുന്ന വെബിനാർ കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ ഉദ്ഘാടനം ചെയ്യും. സിറ പ്രസിഡന്റ് ഡോ. ടി.സി തങ്കച്ചൻ അദ്ധ്യക്ഷനാകുന്ന വെബിനാറിൽ യു.ജി.സി - എച്ച്.ആർ.ഡി.സി ഡയറക്ടർ പ്രൊഫ. സജാദ് ഇബ്രാഹിം മുഖ്യപ്രഭാഷണം നടത്തും. കമ്മീഷൻ അംഗങ്ങളായ ബി. ബബിത, റെനി ആന്റണി, സൈക്യാട്രിസ്റ്റ് ഡോ. കിരൺ ആന്റണി, ഡോ. ബാലകൃഷ്ണൻ എന്നിവർ സെഷനുകൾ നയിക്കും.

ബാലാവകാശത്തിന്റെ വിവിധ തലങ്ങൾ, കോവിഡ് കാലത്ത് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും, പുതിയ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികൾ എന്നീ വിഷയങ്ങളിൽ 40-ൽ അധികം പ്രബന്ധങ്ങൾ വെബിനാറിൽ അവതരിപ്പിക്കും. സമാപന സമ്മേളനത്തിൽ വനിത - ശിശു വികസന വകുപ്പ് ഡയറക്ടർ ടി.വി അനുപമ ഐ.എ.എസ് മുഖ്യാതിഥി ആയിരിക്കും. ഡോ. ഐസക് പോൾ, ഡോ. സുരമ്യ മത്തായി എന്നിവർ വെബിനാർ കോ-ഓഡിനേറ്റർമാർ ആയിരിക്കും.